# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2107 11/03/2020 ൽ മറുപടിക്ക്

## പരമ്പരാഗത വ്യവസായങ്ങളുടെ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി. ദിവാകരൻ<br>ശ്രീ. കെ. രാജൻ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. എൽദോ എബ്രഹാം | ശ്രീ. ഇ. പി. ജയരാജൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്തെ തൊഴിൽ ശക്തിയുടെ ഗണ്യമായ ഒരു വിഭാഗം ജോലി ചെയ്യുന്ന പരമ്പരാഗത വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങൾ എന്തൊക്കെയെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(എ) വിലയിരുത്തിയിട്ടുണ്ട്. കുറഞ്ഞ കൂലി, അദ്ധ്വാനഭാരം, വിപണനം, ആഗോള വിപണിയിലെ ഉൽപന്നങ്ങളുമായിട്ടുള്ള മത്സരം, അന്യസംസ്ഥാനങ്ങളിൽ നിന്നുമുള്ള കുറഞ്ഞ വിലയുള്ള ഉൽപന്നങ്ങളുടെ കടന്നുകയറ്റം എന്നിവയാണ് പ്രധാന പ്രശ്നങ്ങൾ.

കരകൗശല മേഖല നേരിടുന്ന പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു.

1. അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ് :- കരകൗശല മേഖലയുടെ പ്രധാന അസംസ്കൃത വസ്തുക്കൾ വന വിഭവങ്ങളാണ്. ഒരു കാലത്ത് കരകൗശല മേഖലയുടെ പരമപ്രധാനമായ അസംസ്കൃത വസ്തു ആനക്കൊമ്പ് ആയിരുന്നു. ആനക്കൊമ്പിന്റെ നിരോധനത്തെത്തുടർന്ന് ഈ മേഖലയുടെ പ്രഭാവം കുത്തനെ ഇടിയുകയുണ്ടായി. ഈ മേഖലയിൽ ദൗർലഭ്യം നേരിടുന്ന മറ്റൊരു വസ്തു ചന്ദനത്തടിയാണ്. ചന്ദനത്തടിയിൽ തീർത്ത കരകൗശല വസ്തുക്കൾക്ക് വൻവിപണി ആഗോളതലത്തിൽ നിലവിലുണ്ടെങ്കിലും അസംസ്കൃത വസ്തുവിന്റെ ദൗർലഭ്യം കാരണം ഉത്പാദനം മന്ദീഭവിച്ചിരിക്കുകയാണ്. അതേ സമയം വിവിധതരത്തിലുള്ള തടിത്തരങ്ങളും മുള - അനുബന്ധ വിഭവങ്ങളും സർക്കാർ ഏജൻസികൾ മുഖേന വിതരണം ചെയ്തുവരുന്നുണ്ട്.

2. ആഭ്യന്തര വിപണിയിലുള്ള കൃത്രിമ വസ്തുക്കളുടെ സാന്നിദ്ധ്യം :- കരകൗശല വസ്തുക്കൾക്ക് സമാനമായ കൃത്രിമ വസ്തുക്കൾ കുറഞ്ഞ ഗുണനിലവാരത്തിലും നിസ്സാര വിലയ്ക്കും

വിപണിയിൽ ലഭ്യമാകുന്നുണ്ട്. ഇത് കരകൗശല മേഖലയുടെ ആഭ്യന്തര വിപണിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

3. കുറഞ്ഞ വേതനം:- മറ്റു പരമ്പരാഗത വ്യവസായ മേഖലകളെപ്പോലെ തന്നെ തൊഴിലാളികൾക്ക് കുറഞ്ഞ വേതനം മാത്രമെ ലഭിക്കുന്നുള്ളു. ഇക്കാരണത്താൽ ഈ തൊഴിൽ മേഖല ആകർഷകമല്ലാതായി മാറി.

4. നികുതി നിരക്കിന്റെ വർദ്ധന :- ചരക്കുസേവന നികുതിയുടെ കടന്നുവരവോടെ കരകൗശല ഉത്പന്നങ്ങളുടെ നികുതി നിരക്ക് വർദ്ധിക്കുകയുണ്ടായി. ഇത് വിപണിയെ പ്രതികൂലമായി ബാധിച്ചു.

(ബി) പരമ്പരാഗത വ്യവസായങ്ങളുടെ നവീകരണത്തിലെ മുഖ്യ പങ്ക് ഉല്പാദന പ്രക്രിയകളിലെ യന്ത്രവൽക്കരണത്തിനായിരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) പരമ്പരാഗത വ്യവസായങ്ങളുടെ നവീകരണത്തിൽ ഉൽപ്പാദനപ്രക്രിയകളിലെ യന്ത്രവൽക്കരണത്തിന് പ്രാധാന്യം ഉണ്ട്. സംസ്ഥാന ബാംബൂ കോർപ്പറേഷനിലെ പ്രധാന ഉൽപ്പന്നങ്ങളിൽ ഒന്നായ പനമ്പ് നെയ്യുന്നതിനാവശ്യമായ അളി എടുക്കുന്നത് സ്ലൈവറിംഗ് മെഷീൻ പോലുള്ള യന്ത്രങ്ങളുടെ സഹായത്തോടെ ആണ്. ഇതിലൂടെ അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനും കൂടുതൽ പനമ്പുകൾ ഉൽപ്പാദിപ്പിക്കുന്നതിനും പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് കൂടുതൽ കൂലി ലഭ്യമാകുന്നതിനും സഹായകമാകുന്നു. കരകൗശല വ്യവസായത്തെ സംബന്ധിച്ച് യന്ത്രവൽക്കരണം ഒരു പരിധിവരെ അന്യമാണ്. അതേ സമയം സൂക്ഷ്മതലത്തിലല്ലാത്ത പ്രക്രിയയ്ക്ക് യന്ത്രങ്ങളുടെ സേവനം ലഭ്യമാക്കാവുന്നതും ഇത് ഉത്പാദനത്തെ സഹായിക്കുന്നതുമാണ്.

(സി) പരമ്പരാഗത വ്യവസായങ്ങളുടെ ആധുനികവൽക്കരണം വ്യവസായത്തിന്റെ മൊത്തത്തിലുള്ള വ്യാപനത്തിനും ഓരോ തൊഴിലാളിക്കും കൂടുതൽ മൂല്യ വർദ്ധനവ് സൃഷ്ടിക്കുന്നതിനും സഹായിക്കുമോ;

(സി) കരകൗശല മേഖലയിൽ ആധുനികവൽക്കരണം എന്നത് യന്ത്രസാമഗ്രികളുടെ സഹായത്തോടെയുള്ള സൂക്ഷ്മേതര ജോലികൾ ചെയ്യുക എന്നതാണ്. പരമാവധി യന്ത്രങ്ങൾ ഉപയോഗിക്കുന്നതുവഴി ഉത്പാദന സമയം കുറയ്ക്കാവുന്നതും അത് വേതനവർദ്ധനവിന് സഹായകകരവുമാണ്. കൈത്തറി മേഖലയിൽ സാങ്കേതിക വിദ്യ ഉയർത്തുന്നതിനും നൂതന സാങ്കേതിക വിദ്യകൾ നെയ്ത്തുകാർക്ക് കൈമാറ്റം ചെയ്യുന്നതിനുമായുള്ള ടെക്നോളജി

അപ്ഗ്രഡേഷൻ പദ്ധതി പ്രകാരം വിവിധതരം ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് സർക്കാർ ധനസഹായം നൽകുന്നുണ്ട്.

(ഡി) കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങൾ കയർ മേഖലയിലെ ജിയോ ടെക്സ്റ്റയിൽസ് പോലെ പുതിയ ഉല്പന്നങ്ങളിലേയ്ക്ക് വൈവിധ്യവൽക്കരിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) മുള-അനുബന്ധ മേഖലയിൽ പരമ്പരാഗത കരകൗശല ഉല്പന്നങ്ങൾക്കു പുറമേ "ബാംബൂ ഫ്ലോറിംഗ് ടൈൽസ്" ഉല്പാദിപ്പിക്കുന്നുണ്ട്. കൂടാതെ ബാംബൂ കർട്ടനുകൾ, കൊറഗേറ്റഡ് ഷീറ്റ് തുടങ്ങിയവ നിർമ്മിക്കുന്നുണ്ട്. മുള ഉപയോഗിച്ച് എക്കോ ഹബ്, ഹട്ടുകൾ, ബാംബൂ ഫർണിച്ചർ എന്നിവയും നിർമ്മിച്ചു വരുന്നുണ്ട്.

(ഇ) കൂടുതൽ ഫലപ്രദമായ വിപണന-വിതരണ തന്ത്രങ്ങൾ ആവിഷ്കരിച്ച് മാർക്കറ്റിന്റെ ഗണ്യമായ ശതമാനം കയ്യടക്കുന്നതിന് പരമ്പരാഗത വ്യവസായങ്ങളെ ശാക്തീകരിക്കുമോ; വ്യക്തമാക്കുമോ?

(ഇ) കരകൗശല വിപണന കേന്ദ്രങ്ങളെ ആധുനികവൽക്കരിച്ചുകൊണ്ട് ഉപഭോക്താക്കളെ ആകർഷിക്കുന്നതിനായി വിവിധ പദ്ധതികൾക്ക് സർക്കാർ ധനസഹായം നൽകുന്നുണ്ട്. കൂടാതെ വിശേഷാവസരങ്ങളിൽ വിപണന മേളകൾ സംഘടിപ്പിക്കുന്നതിന് സംസ്ഥാനതല ഏജൻസികൾക്ക് ധനസഹായം നൽകുന്നു. കരകൗശല വികസന കോർപ്പറേഷൻ സ്വന്തമായി ഇ-കോമേഴ്സ് വെബ് സൈറ്റ് ആരംഭിക്കുകയും ആമസോൺ, ഫ്ലിപ്പ്കാർട്ട് തുടങ്ങിയ പോർട്ടലുകളിൽ ഓൺലൈൻ സ്റ്റോറുകൾ നടത്തുകയും ചെയ്യുന്നു. ഇപ്രകാരം ഫലപ്രദമായ വിപണന തന്ത്രങ്ങൾ നടപ്പിലാക്കി വരുന്നു.

കേരളത്തിലെ കൈത്തറി ഉൽപന്നങ്ങൾക്ക് ബ്രാൻഡിംഗ് നൽകുന്നതിനായി National Institute of Fashion Technology (NIFT) മായി ചേർന്ന് പദ്ധതി നടപ്പിലാക്കി വരുന്നു. നൂറോളം കൈത്തറി ഉൽപന്നങ്ങളെ ഇത്തരത്തിൽ ബ്രാന്റ് ചെയ്യുന്നതിനായി ലക്ഷ്യമിടുന്നു. IIHT, Hantex, Hanveev, NIFT എന്നിവരെ ഉൾപ്പെടുത്തിയുള്ള ഒരു കമ്മിറ്റിയുടെ നേതൃത്വത്തിൽ ബ്രാന്റിംഗ് പ്രവർത്തനങ്ങൾ നടത്തി വരുന്നു. ബ്രാന്റിംഗ് നടത്തുന്നതുവഴി കൈത്തറി ഉൽപ്പന്നങ്ങൾക്ക് ഡിമാന്റ് വർദ്ധിക്കുകയും അതുവഴി നെയ്ത്തുകാർക്കും കൈത്തറി മേഖലയ്ക്കും പ്രയോജനം ലഭിക്കുകയും ചെയ്യും.

സെക്ഷൻ ഓഫീസർ